# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.366
## 08.08.2017- ലെ മറുപടിക്ക്

## ചിറ്റൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാത്തതുമൂലം നഷ്ടമായ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി |
|---|---|
| എ) 2013-14, 2015-16 സാമ്പത്തിക വർഷങ്ങളിൽ എം എൽ എ ഫണ്ട് ഇനത്തിൽ ചിറ്റൂർ നിയോജക മണ്ഡലത്തിൽ വകയിരുത്തിയതും സമയത്ത് ഭരണാനുമതി ലഭിക്കാത്തത് മൂലം നഷ്ടമായതുമായ പദ്ധതികൾ ഏതൊക്കെയാണ് ; | **2015-16** സാമ്പത്തിക വർഷത്തിലെ എം എൽ എ ആസ്തി വികസന ഫണ്ട് ഇനത്തിൽ ചിറ്റൂർ നിയോജക മണ്ഡലം മുൻ എം.എൽ.എ. ശുപാർശ ചെയ്തിരുന്ന എസ്.എം.എച്ച്.എസ്.എസ്. തത്തമംഗലം കെട്ടിടനിർമ്മാണം (ഒരു കോടി രൂപ), ഗവ.വിക്ടോറിയ ഗേൾസ് സ്കൂൾ ചുറ്റമതിൽ നിർമ്മാണം **(25** ലക്ഷം രൂപ) എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. ടി പ്രവൃത്തികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം 2015-16 ലെ ഫണ്ട് വിനിയോഗിച്ച് 2017- 2018 സാമ്പത്തിക വർഷത്തിൽ അനുവദനീയമല്ല . ആയതിനാൽ ടി പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ആവശ്യമെങ്കിൽ revised estimate/current SoR പ്രകാരം നിലവിലെ 2017-2018 നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടി തുക ചെലവഴിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ ബഹു.എം.എൽ.എ. താത്പര്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജില്ലാ കളക്ടറെ സമീപിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| ബി) ഓരോ പദ്ധതിയുടെയും പേര്, വകയിരുത്തിയ തുക ഇവ എന്നിവ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ഇനിയുള്ള പോംവഴി എന്താണെന്നു വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ